ശ്രീ. പി. നാണു : ഓരോ താലൂക്കിലുമുള്ള നിലം ഇത്രയാണെന്നു് നിശ്ചയിച്ചു് വളം വിതരണം നടത്തുന്ന ഉദ്യോഗസ്ഥൻ ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാരാണു്.

ശ്രീ. പി. നാണു : ആ ഡിപ്പാർട്ട്മെന്റിന്റെ കൈവശം നിലങ്ങളുടെ മേ സ്റ്റാറ്റിസ്റ്റിക്സ് ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : എത്ര നിലങ്ങളിലാണു് കൃഷി ചെയ്യുവരുന്നുവെന്നുള്ളതിലേക്കുള്ള സ്റ്റാറ്റിസ്റ്റിക്സ് ഉണ്ടു്.

ശ്രീ. പി. നാണു : വളം മിക്സ് ചെയ്യുന്നതിനുള്ള ചെലവു് കൃഷിക്കാരിൽ നിന്നാണോ ഈടാക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ആകപ്പാടെയുള്ള ചെലവു കണക്കാക്കിയാണു് വില ഈടാക്കുന്നതു്.

ശ്രീ. സി. വി. ഐയ്യു : കൊച്ചിപ്രദേശത്തുള്ള ഓരോ പഞ്ചായത്തുകളിലും ഉണ്ടായിരുന്ന വളം ഡിപ്പോകളിൽ ഇപ്പോൾ വളം തീരെ ഇല്ലെന്നു് മനസ്സിലായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇപ്പോൾ മനസ്സിലായി.

ശ്രീ. സി. വി. ഐയ്യു : ഓരോ പഞ്ചായത്തുകളിലേയ്ക്കും വളം ശേഖരിക്കുന്നതിനു് ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : പഞ്ചായത്തുകളിൽ വളം ശേഖരിക്കേണ്ടതില്ല.

ശ്രീ. എൻ. പി. വറഗീസു് : നെൽകൃഷിക്കല്ലാതെ മറ്റു വല്ലതിനും വളം കൊടുക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇപ്പോൾ കൊടുക്കുന്നില്ല.

ശ്രീ. എൻ. പി. വറഗീസു് : കപ്പകൃഷിക്കു് വളം കൊടുക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിലേക്കു് ഇൻഡ്യാഗവൺമെണ്ടിനു് എഴുതി അയച്ചിട്ടുണ്ടു്.

## ടെയിഡ്മാക്കു് വകുപ്പിലെ ജോലിക്കാർ

*൨൦൨൨. (൨) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ യൂണിയൻ സംസ്ഥാനത്തു് ടെയിഡ്മാക്കുവകുപ്പിൽ ജോലിയുണ്ടായിരുന്ന എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ടു്;

(ബി) അവരിൽ ഓരോരുത്തരുടേയും സർവ്വീസു് എത്ര കൊല്ലം വീതമായിരുന്നു;

(സി) അവർക്കു ജോലികൊടുക്കുന്നതിനു് എന്തെങ്കിലും നടപടി ഗവൺമെണ്ടു് കൈക്കൊണ്ടിട്ടുണ്ടോ?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ) :

(എ) തിരുവിതാംകൂർ ടെയിഡ്മാക്കു വകുപ്പിൽ ജോലിയുണ്ടായിരുന്ന ൪ ശിപായിമാരെ പിരിച്ചുവിട്ടിട്ടുണ്ടു്.

(ബി) അവർക്കു ഓരോരുത്തർക്കും മൂന്നരകൊല്ലത്തെ സർവ്വീസു് ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സെൻട്രൽ ഗവണ്മെണ്ടിൽനിന്നും ഏറെറടുക്കുന്ന എല്ലാ ഡിപ്പാർട്ട്മെൻറിലേയും ഉദ്യോഗസ്ഥന്മാർക്ക് ജോലികൊടുക്കാമെന്നു് ഇൻഡ്യാഗവണ്മെണ്ടു് സമ്മതിച്ചിട്ടുണ്ടായിരുന്നു. അതിനു് വിപരീതമായി പ്രവർത്തിച്ചതിനു് ഇൻഡ്യാഗവണ്മെണ്ടിനു് കമ്പി അടിച്ചിട്ടുണ്ടു്. അതിനു മറുപടി ഇതുവരെ കിട്ടിയിട്ടില്ല.

ശ്രീ. പി. നാണു : ഈ ഗവണ്മെണ്ടിൽനിന്നും തന്നെ അവരെ നിയമിക്കുന്നതിനു് ആലോചിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : മറുപടി വന്നിട്ടു മതിയല്ലോ ആ കാര്യം ആലോചിക്കുന്നതു്.

## വേമ്പനാട്ടുകായൽ പദ്ധതി

*൧൦൧൯. (൯) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വേമ്പനാട്ടുപദ്ധതി നടപ്പിൽ വരുത്തുന്നതിനു് ഇതിനകം എന്തു നടപടി നടത്തിയിട്ടുണ്ടു്;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്കു് പൂർത്തിയാക്കണമെന്നാണു് ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) വേമ്പനാട്ടുകായൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലിക്കുവേണ്ടിയുള്ള സ്പെഷ്യൽ ഇൻജിനീയരെയും സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ടു്. ഫൻ൫൦ ജൂലൈ മുതൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലി ആരംഭിച്ചു. ഫൻ൫൧ ഫെബ്രുവരിയോടുകൂടി ഇൻവെസ്റ്റിഗേഷൻ ജോലി തീരുമെന്നു പ്രതീക്ഷിക്കുന്നു. ബണ്ടുകെട്ടുന്നതിനുള്ള സ്ഥാനം നിശ്ചയിച്ചു. തോടുകളുടെ സർവ്വെ നടന്നുകൊണ്ടിരിക്കുന്നു.

(ബി) രണ്ടുകൊല്ലത്തിനുള്ളിൽ പൂർത്തിയാക്കണമെന്നാണു് ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നതു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള : ബണ്ടുകെട്ടുന്നതു് എവിടെയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : തണ്ണീർമുക്കത്താണു്.

## സംസ്ഥാനത്തു കൺസ്ട്രക്ഷൻ ചെയ്യാനുദ്ദേശിക്കുന്ന റോഡു്

*൧൦൨൰. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവല്ലാ, കോട്ടയം എന്നീ പട്ടണങ്ങളിൽ ഇക്കൊല്ലം എത്ര മൈൽ റോഡു് കൺസ്ട്രക്ഷൻ ചെയ്യിട്ടുണ്ടു്;

(ബി) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ എതെല്ലാം പട്ടണങ്ങളിലൂള്ള റോഡുകൾ ഈ വർഷം കൺസ്ട്രക്ഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടു്;

(സി) ആലപ്പുഴ പട്ടണത്തിൽ ഉള്ള റോഡുകളിൽ എത്രമൈൽ ഇതിനകം കൺസ്ട്രക്ഷൻ ചെയ്യിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) തിരുവല്ലാ പട്ടണത്തിൽ മെയിൻ സെൻട്രൽ റോഡിൽ ഒരു മൈൽ കൺസ്ട്രക്ഷൻ ചെയ്യിട്ടുണ്ടു്. കോട്ടയം പട്ടണത്തിൽ കൺസ്ട്രക്ഷൻ ചെയ്യിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly